# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 07/23 (211th) Meeting of the Syndicate held on 03.10.2023 at 11.00 am at University Head Quarters, Kalady

**Members Present:**

| | | |
|---|---|---|
| 1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ | - | ഒപ്പ് |
| 2. ഡോ.കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ | - | ഒപ്പ് |
| 3. ഡോ. ശിവദാസൻ പി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 4. പ്രൊഫ. മോഹൻദാസ് എസ്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 5. ഡോ. രാമൻകുട്ടി പി.വി., സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 6. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 7. ശ്രീ.എൻ. ആദിൽ, സിൻഡിക്കേറ്റംഗം(വിദ്യാർത്ഥി പ്രതിനിധി) | - | ഒപ്പ് |
| 8. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 9. ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 10. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 11. ഡോ. അനിൽ കെ.എം, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 12. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 13. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 14. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം | - | ഓൺലൈൻ |
| 15. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം | - | ഓൺലൈൻ |
| 16. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം | - | ഓൺലൈൻ |
| 17. ശ്രീ. എൽ.ആർ. സജീവ് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | - | ഓൺലൈൻ |
| 18. ശ്രീ. അനിൽ കുമാർ വി.എസ്, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് | - | ഓൺലൈൻ |

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

പ്രശസ്ത സാഹിത്യകാരനും അധ്യാപകനുമായിരുന്ന ശ്രീ സി. ആർ. ഓമനക്കുട്ടൻ, പ്രശസ്ത സിനിമാ സംവിധായകൻ ശ്രീ കെ. ജി. ജോർജ്ജ്, ലോക പ്രശസ്ത കൃഷി ശാസ്ത്രജ്ഞൻ (പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ) ഡോ. എം. എസ്. സ്വാമിനാഥൻ, പ്രശസ്ത കാർട്ടൂണിസ്റ്റ് ശ്രീ. സുകുമാർ എന്നിവരുടെയും കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെയും നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

05. 08. 2023 തീയതിയിലെ 210-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(1) കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ കീഴിലുള്ള ആയുർവേദ കോളേജുകളിലെ സംസ്കൃത അധ്യാപകർക്കായി 7 ദിവസം നീളുന്ന ഓറിയന്റേഷൻ കോഴ്സ് 14.08.2023 മുതൽ 20.08.2023 വരെ ആരോഗ്യശാസ്ത്ര സർവകലാശാലയിൽവച്ച് നടക്കുകയും വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവർ ഇതിനോടനുബന്ധിച്ച് 16.08.2023 ൽ നടന്ന ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

(2) സംസ്കൃത വിഭാഗങ്ങളിലെ ഗവേഷക വിദ്യാർത്ഥികൾക്കായി ആഗസ്റ്റ് 21 മുതൽ 25 വരെ 5 ദിവസം നീണ്ടു നിൽക്കുന്ന അക്കാദമിക് റൈറ്റിംഗ് ശില്പശാല അക്കാദമിക് റൈറ്റിംഗ് സെന്ററിന്റെ കീഴിൽ സംഘടിപ്പിച്ചു.

(3) ശാസ്ത്രസംവർദ്ധിനി സെന്ററിന്റെ കീഴിൽ മാനമേയോദയ, സിദ്ധാന്ത കൗമുദി എന്നീ കോഴ്സുകൾ യഥാക്രമം സെപ്റ്റംബർ 4, 7 തീയതികളിൽ ആരംഭിച്ചു.

(4) 13.09.2023 മുതൽ 15.09.2023 വരെ സർവകലാശാലയിൽ നടന്ന ത്രിദിന റിസർച്ച് സ്കോളേഴ്സ് മീറ്റ് കണ്ണൂർ സർവകലാശാല മുൻ വൈസ്ചാൻസലർ ഡോ. മൈക്കിൾ തരകൻ 13.09.2023 ന് ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ചു. അഞ്ഞൂറോളം ഗവേഷകരും അമ്പതോളം വിഷയവിദഗ്ധരും പങ്കെടുത്തു. 23 സെഷനുകളിലായി 57 പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും അഞ്ച് പ്ലീനറി സെഷനുകൾ നടക്കുകയും ചെയ്തു.

(5) ജോർജ്ജിയൻ പ്രസ്സിലെ ചീഫ് എഡിറ്ററും സിറിയൻ സാഹിത്യത്തിന്റേയും സംസ്കാരത്തിന്റേയും പ്രമോട്ടറുമായ ശ്രീ ജോർജ്ജ് കിരാസ് 14.09.2023 ന് സർവകലാശാല സന്ദർശിക്കുകയും അമേരിക്കൻ സർവകലാശാലകളുടെ കൺസോർഷ്യം പ്രതിനിധികളുമായി കേരളത്തിലും ഇന്ത്യയിലും ഇംഗ്ലീഷിലും തദ്ദേശീയ ഭാഷകളിലും പ്രസിദ്ധീകരിക്കുന്ന OCR എനേബിൾഡ് പിഡിഎഫ് കോപ്പികളുടെ കൈമാറ്റത്തെക്കുറിച്ചും അതുവഴി ഇവിടെ ഉൽപാദിപ്പിക്കുന്ന ജ്ഞാനത്തിന്റെ വ്യാപനത്തെക്കുറിച്ചും ചർച്ച ചെയ്യുന്നതിനുള്ള സാധ്യതകളെക്കുറിച്ച് വൈസ് ചാൻസലർ, OIA ഡയറക്ടർ, അംഗങ്ങൾ എന്നിവരുമായി വിശദമായ ചർച്ചയും നടന്നു.

(6) സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റി, വിയന്നയിലെ ഫിലോസഫി വിഭാഗം പ്രൊഫസറായ Istvan Perczel 15.09.2023 ന് സർവകലാശാല സന്ദർശിക്കുകയും പ്രസ്തുത യൂണിവേഴ്സിറ്റിയുമായി Erasmus Plus കൊളാബറേഷനിലൂടെ ഫാക്കൽറ്റികളുടേയും വിദ്യാർത്ഥികളുടേയും കൈമാറ്റത്തെക്കുറിച്ചും സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയിൽ സംസ്കൃത പഠനം ആരംഭിക്കുന്നതിന്റെ സാധ്യതയെക്കുറിച്ചും വൈസ് ചാൻസലർ, OIA ഡയറക്ടർ, അംഗങ്ങൾ എന്നിവരുമായി വിശദമായ ചർച്ചയും നടന്നു.

(7) ശ്രീലങ്കൻ കോൺസൽ ജനറൽ അംബാസിഡർ ഡോ. വത്സൻ വൈത്തോടി, വൈസ് കോൺസൽ ശ്രീമതി. ശശിരംഗ ജയസൂര്യ എന്നിവർ 18.09.2023 ന് സർവകലാശാലാ സന്ദർശിച്ചു.

(8) 2023 ലെ സംസ്കൃതദിനം സെപ്റ്റംബർ 19, 20 തീയതികളിലായി നടന്നു. കേരള കലാമണ്ഡലം മുൻ വൈസ് ചാൻസലർ ഡോ. കെ. ജി. പൗലോസ് ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ന്യൂഡൽഹി സെൻട്രൽ സർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. രാധാവല്ലഭ് ത്രിപാഠി മുഖ്യപ്രഭാഷണം നടത്തുകയും വൈസ് ചാൻസലർ അധ്യക്ഷത വഹിക്കുകയും ചെയ്തു. സംസ്കൃത വിഭാഗത്തിൽ നിന്നും ഡോ. കെ. എൻ. എൻ. ഇളയത്, ആയുർവേദ വിഭാഗത്തിൽ നിന്നും ഡോ. ഇന്ദിര ബാലചന്ദ്രൻ, കലാവിഭാഗത്തിൽ നിന്നും കൂടിയാട്ടം, നങ്ങ്യാർകൂത്ത് കലാകാരി കലാമണ്ഡലം ഗിരിജ എന്നിവരെ ആദരിച്ചു. പ്രസ്തുത ചടങ്ങിൽ സംഗീത വിഭാഗം മുൻ മേധാവിയും റീഡറുമായിരുന്ന ഡോ. മാലിനി എച്ച്. രചിച്ച "An Anthology of Post Tyagaraja Compositions" എന്ന പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി ഡോ. മാലിനി വൈസ് ചാൻസലർക്ക് കൈമാറി.

(9) കൊളംബോ അന്താരാഷ്ട്ര തീയറ്റർ ഫെസ്റ്റിവലിൽ സ്പെഷൽ ജ്യൂറി മെൻഷൻ അവാർഡ് കരസ്ഥമാക്കിയ സർവകലാശാല തീയറ്റർ വിഭാഗം മുൻ വിദ്യാർത്ഥിയായ ശ്രീ ശരൺജിത്ത് എൻ.കെ ക്കും, മികച്ച ഗവേഷണ പ്രബന്ധത്തിന് പ്രൊഫസർ ടി.വി ശശി സ്മാരക പുരസ്കാരം (2023) ലഭിച്ച മലയാള വിഭാഗം മുൻഗവേഷകനും കണ്ണൂർ സർവകലാശാല അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ.റഫീഖ് ഇബ്രാഹിമിനും അഭിനന്ദനങ്ങൾ.

(10) സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

Award of Ph.D Degree

a) Smt. Deepthi V.G in English [No. EA/PhD/747/SSUS/2022(1)]
b) Sri. Manu Madhav in English [No. EA/PhD/744/SSUS/2022(1)]
c) Smt. Nithya Krishnan in Sanskrit Sahitya [No. EA/PhD/774/SSUS/2023(1)]
d) Smt. Soumya K in Sanskrit Vedanta [No. EA/PhD/767/SSUS/2022(1)]
e) Sri. Unmesh K.S in Malayalam [No.EA/PhD/792/SSUS/2023(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 19.09.2023, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Deepthi V.G | Faculty of Foreign Languages | 18.08.2023 |
| b) | Sri. Manu Madhav | Faculty of Foreign Languages | 16.08.2023 |
| c) | Smt. Nithya Krishna | Faculty of Sanskrit Literature | 10.08.2023 |
| d) | Smt. Soumya K | Faculty of Indian Metaphysics | 21.07.2023 |
| e) | Sri. Unmesh K.S | Faculty of Indian Languages | 18.09.2023 |

a) Smt. Deepthi V.G in English under the Faculty of Foreign Languages for the Ph.D thesis titled **“Re-writing Gender and Sexuality: A Study of Erica Jong’s Select Fictional Works”,** under the guidance of Dr. Ajay S. Sekhar, Assistant Professor, Department of English, SSUS, Kalady.

b) Sri. Manu Madhav in English under the Faculty of Foreign Languages for the Ph.D thesis titled **“Revealing History: A Study of Select Early Malayalam Fiction”,** under the guidance of Dr. Ajay S. Sekhar, Assistant Professor, Department of English, SSUS, Kalady.

c) Smt. Nithya Krishnan in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Muttusvamidiksitanam Samskrtaracanah Adhyayanam Samsodhitasamskaranam Ca” “मुत्तुस्वामि दीक्षितानं संस्कृतरचना: अध्ययनं संशोधितसंस्करणं च”,** under the guidance of Dr. V.R. Muralidharan, Professor (Rtd.), Department of Sanskrit Sahitya, SSUS, Kalady.

d) Smt. Soumya K. in Sanskrit Vedanta under the Faculty of Indian Metaphysics for the Ph.D thesis titled **“Metaphysical Perspectives : Advaitic Thought and Sufism”,** under the guidance of Dr. M.S. Muraleedharan Pillai (Rtd.), Professor, Department of Sanskrit Vedanta, SSUS, Kalady.

e) Sri. Unmesh K.S in Malayalam under the Faculty of Indian Languages for the Ph.D thesis titled **“ആഖ്യാനകർതൃത്വവും ചരിത്രപാഠനിർമ്മിതിയും: മലയാളത്തിലെ ഇടതുപക്ഷ ആത്മകഥകളെ മുൻനിർത്തിയുള്ള പഠനം”,** under the guidance of Dr. V. Lissy Mathew, Professor, Department of Malayalam, SSUS, Kalady.

**<u>Item No. 3</u>**

റീ അപ്പിയറൻസ് പരീക്ഷ എഴുതാൻ അനുവദിക്കുന്നത് സംബന്ധിച്ച്. [No. 02407/ACDB3/SSUS/2023(1)]

19.09.2023 ൽ നടന്ന പരീക്ഷാ സ്ഥിരം സമിതിയുടെയും അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് പയ്യന്നൂർ പ്രാദേശിക കേന്ദ്രം 2020 അഡ്മിഷൻ എം.എ. ഫിലോസഫി വിദ്യാർത്ഥികളായ പ്രണവ് രാജ് ടി വി (20PY03PH01), അക്ഷയ് കുമാർ പി വി (20PY03PH02) എന്നിവർക്ക് നാലാം സെമസ്റ്റർ റീ-അപ്പിയറൻസ് പരീക്ഷ 2022 പ്രവേശനം വിദ്യാർത്ഥികളോടൊപ്പം എഴുതുന്നത് അനുവദിക്കാൻ തീരുമാനിച്ചു.

**Item No. 4**

ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിക്കുന്നത് - നിലവിലെ നിയമാവലി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്. [No. 02114/ACDB2/SSUS/2023(1)]

പ്രസ്തുത വിഷയം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കാൻ പ്രോ വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 5**

14.07.2023 ലെ 05/2023 (209-ാമത്) സിൻഡിക്കേറ്റ് തീരുമാനം വ്യക്തത വരുത്തുന്നത് സംബന്ധിച്ച്. (No. E.C./9576/SSUS/2020)

19.09.2023 ൽ നടന്ന പരീക്ഷാ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് വ്യത്യസ്ത റെഗുലേഷനുകൾ ബാധകമായ വിദ്യാർത്ഥികൾക്ക് മേഴ്സി ചാൻസ് അനുവദിക്കുമ്പോൾ പരീക്ഷ വിഭാഗം നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ കൂടി പരിശോധിച്ചു കൊണ്ട് Odd, Even സെമസ്റ്റർ പരീക്ഷകൾ വെവ്വേറെ നടത്തുവാൻ തീരുമാനിച്ചു.

**Item No. 6**

പുനർ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട നിയമാവലി പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച്. (No. E.C./1208/SSUS/2019)

പുനർ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട നിയമാവലിയിൽ "In case, the average of nearest two ESA grade points is less than the marks awarded in the original valuation, then marks of the original valuation shall be awarded to the candidate" എന്ന തിരുത്തലോടെ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 7

ബി.എ. പുന:പ്രവേശനം സംബന്ധിച്ച്. [No. 01967/ACDB2/SSUS/2023(1)]

19.09.2023 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് പയ്യന്നൂർ പ്രാദേശിക കേന്ദ്രം 2021 പ്രവേശനം ബി.എ വേദാന്തം വിദ്യാർത്ഥികളായ വിപിൻ. കെ. വിജയൻ (21PY01VE18), അജിത് എം (21PY01VE11) എന്നിവർക്ക് 2022 ബാച്ചിനോടൊപ്പം മൂന്നാം സെമസ്റ്ററിൽ പുന: പ്രവേശനം നൽകാൻ തീരുമാനിച്ചു. കൂടാതെ 2020/2021 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് 2022 അഡ്മിഷനിലെ മൂന്നാം സെമസ്റ്ററിലേക്ക് പ്രവേശനം/ പുന:പ്രവേശനം നൽകുമ്പോൾ 2022 റഗുലേഷൻ അനുസരിച്ചുള്ള ക്രഡിറ്റ് തുല്യത ഉറപ്പുവരുത്തുന്നതിന് നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒരു മാനദണ്ഡം സ്വീകരിക്കാൻ വകുപ്പ് മേധാവിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 8

വിദ്യാർത്ഥികളെ മറ്റു കേന്ദ്രങ്ങളിലേക്ക് മാറ്റുന്നത് - വിവിധ അപേക്ഷകൾ സംബന്ധിച്ച്. (No. PG Entrance/3372/SSUS/2023)

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ എം.എ. സംസ്കൃതം ജനറൽ വിദ്യാർത്ഥികളെ കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ തുടരാനും, ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ എം.എ. ഹിന്ദി പ്രോഗ്രാം തുടരാൻ അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാനും തീരുമാനിച്ചു.

## Item No. 9

ബിരുദ കോഴ്സുകളിലേക്കുള്ള ഉയർന്ന പ്രായപരിധിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച്. (No. Acd.C2/8998/SSUS/2022)

അജണ്ടയിൽ നിന്നും ഒഴിവാക്കി.

## Item No. 10

കലോത്സവവുമായി ബന്ധപ്പെട്ട ചെലവുകൾ അംഗീകരിക്കുന്ന വ്യവസ്ഥകൾ നിർദ്ദേശിക്കുന്നത് സംബന്ധിച്ച്. [No. S.S.C/878/SSUS/2020(1)]

11.09.2023 ൽ നടന്ന സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് കലോത്സവവുമായി ബന്ധപ്പെട്ട ചെലവുകൾ അംഗീകരിക്കുന്ന വ്യവസ്ഥകൾ നിർദ്ദേശിക്കുന്നതിനായി സിൻഡിക്കേറ്റ് തീരുമാന പ്രകാരം രൂപീകരിച്ച കമ്മിറ്റി 16.05.2023 ൽ യോഗം ചേർന്ന് സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 11

Report of the drug abuse in the campus – Guidelines രൂപീകരിക്കുന്നതും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച്. (No. S.S.C/214/SSUS/2023)

11.09.2023 ൽ നടന്ന സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് മറ്റ് സർവകലാശാലകളിൽ ഇത്തരത്തിൽ ഗൈഡ്‌ലൈനുകൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കി പരിശോധിച്ചതിന് ശേഷം ആവശ്യമായ നിയമാവലിയുണ്ടാക്കാമെന്ന് തീരുമാനിച്ചു.

## Item No. 12

14.07.2023 തീയതിയിലെ 209-ാമത് (05/23) സിൻഡിക്കേറ്റ് യോഗ നടപടിച്ചുരുക്കത്തിലെ മെയിൻ അജണ്ട ഐറ്റം നമ്പർ 8 ലെ തെറ്റ് തിരുത്തുന്നത് സംബന്ധിച്ച്. (No. Acd.A1/930/SSUS/2014)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 13

2018 അഡ്മിഷൻ ബി എ സംസ്കൃത ജനറൽ വിദ്യാർത്ഥിയായ ബിൻഷ ഗിരീഷിന് രണ്ടാം സെമസ്റ്റർ റീ അപ്പിയറൻസ് പരീക്ഷ എഴുതാൻ അനുമതി നൽകിയത് - സാധൂകരണം സംബന്ധിച്ച്. [No. 02105/ACDB3/SSUS/2023(1)]

05.08.2023 ലെ 210-ാമത് സിൻഡിക്കേറ്റ് യോഗ തീരുമാനം മറ്റ് അജണ്ട ഇനം നമ്പർ 9 ൽ കൊയിലാണ്ടി പ്രാദേശിക കേന്ദ്രം 2018 അഡ്മിഷൻ ബി.എ. സംസ്കൃതം ജനറൽ വിദ്യാർത്ഥിയായ ബിൻഷ ഗിരീഷിന് 2019 പ്രവേശനം വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ റീ അപ്പിയറൻസിനോടൊപ്പം പരീക്ഷ എഴുതുവാൻ പ്രത്യേകാനുമതി നൽകാൻ തീരുമാനിച്ചു എന്ന തീരുമാനത്തിലെ ആറാം സെമസ്റ്റർ എന്നത് രണ്ടാം സെമസ്റ്റർ എന്ന് തിരുത്തൽ വരുത്തി ടി വിദ്യാർത്ഥിക്ക് രണ്ടാം സെമസ്റ്ററിലെ IIC127sg(Vritta & Alankara) എന്ന കോഴ്സിന്റെ പരീക്ഷ 2023 ബാച്ചിനോടൊപ്പം റീ അപ്പിയർ ചെയ്യാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 14

NCC ഇലക്ടീവ് കോഴ്സ് ക്ലാസ് നടത്തുന്നതിന് Dr. ലിഷ സി.ആർ ന് (അസിസ്റ്റന്റ് പ്രൊഫസർ സംസ്കൃതം ജനറൽ വിഭാഗം) ജോലിഭാരത്തിൽ 2 മണിക്കൂർ ഇളവ്

അനുവദിച്ചത് സിൻഡിക്കേറ്റിന്റെ സാധൂകരണത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. 01843/ACDB1/SSUS/2023(1)]

NCC അസോസിയേറ്റ് ഓഫീസറും സംസ്കൃത ജനറൽ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. ലിഷ സി.ആർ -ന് NCC ഇലക്ടീവ് കോഴ്സ് ക്ലാസ് നടത്തുന്നതിന് ജോലി സമയത്തിൽ രണ്ട് മണിക്കൂർ ഇളവ് അനുവദിച്ച് ഉത്തരവായ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 15

കായിക പഠന വകുപ്പ് മേധാവിയുടെ ചുമതലകളും കൃത്യനിർവ്വഹണത്തിന്റെ പ്രത്യേകതകളും പരിഗണിച്ച് ജോലിഭാരത്തിൽ ഇളവ് നൽകി ആഴ്ചയിൽ അഞ്ച് മണിക്കൂർ ആയി കുറച്ചു നൽകണമെന്ന കായിക പഠന വകുപ്പ് മേധാവിയും അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ദിനു എം.ആർ അപേക്ഷ പരിഗണിയ്ക്കണോ എന്ന് തീരുമാനിയ്ക്കുന്നത് സംബന്ധിച്ച്. [No. 01793/ADA2/SSUS/2023(1)]

സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 16

ശ്രീ. സുജിത്ത് എം.വി അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ നു മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലുള്ള ശൂന്യ വേതന അവധി അനുവദിച്ച വിവരം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. [No. 00849/ADB1/SSUS/2023(1)]

റിപ്പോർട്ട് ശ്രദ്ധിച്ചു.

**Item No. 17**

അസിസ്റ്റന്റ് ശ്രീ. അൽത്താഫ് കെ.എ-യ്ക്ക് 01.08.2023 മുതൽ 31.07.2028 വരെ ശൂന്യവേതനാവധി അനുവദിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. Ad.B/336/SSUS/2019)

റിപ്പോർട്ട് ശ്രദ്ധിച്ചു.

**Item No. 18**

സർവകലാശാല ഓഫീസ് അറ്റൻഡന്റ് ശ്രീ. മുഹമ്മദ് നാഫി നസീർ-ന് ശൂന്യവേതനാവധി അനുവദിച്ചതിന് സാധൂകരണം തേടുന്നത് സംബന്ധിച്ച്. (No. 02435/ADB3/SSUS/2023)

സർവകലാശാല ഓഫീസ് അറ്റൻഡന്റ് ശ്രീ. മുഹമ്മദ് നാഫി നസീർ-ന് പഠനാവശ്യത്തിനായി KSR വാല്യം I Appendix XII B പ്രകാരം 02.09.2023 മുതൽ 01.09.2025 വരെ രണ്ട് വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 19**

പിഎച്ച്.ഡി ഗവേഷണ പ്രബന്ധ മൂല്യനിർണ്ണയം - വിഷയവിദഗ്ധരെ പാനലിൽ ഉൾപ്പെടുത്തൽ - ഭേദഗതി വരുത്തിയതിനുള്ള സിൻഡിക്കേറ്റ് സാധൂകരണം സംബന്ധിച്ച്. (No. E.A/5967/SSUS/2019)

18.05.2023 തീയതിയിലെ 207-ാം സിൻഡിക്കേറ്റ് യോഗ മിനിറ്റ്സിലെ ഐറ്റം നമ്പർ 2 തീരുമാനത്തിൽ അതത് വിഷയത്തിലെ വിദഗ്ധർ എന്ന് രേഖപ്പെടുത്തിയത് തിരുത്തി അതത് വിഷയ മേഖലയിലെ വിദഗ്ധർ എന്ന് മാറ്റം വരുത്തി ഉത്തരവായ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 20

സർവകലാശാല KDISC- മായി ധാരണാ പത്രത്തിൽ ഏർപ്പെട്ട നടപടിയുടെ സാധൂകരണം സംബന്ധിച്ച്. [No. 00047/PLD1/SSUS/2022(1)]

സംസ്ഥാന സർക്കാരിന് കീഴിലുള്ള കേരള നോളജ് ഇക്കോണമി മിഷനുമായി ധാരണാപത്രത്തിൽ ഏർപ്പെടുവാൻ കൈക്കൊണ്ട നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 21

14.07.2023 ൽ കൂടിയ 209-ാമത് സിൻഡിക്കേറ്റ് യോഗത്തിന്റെ നടപടിക്കുറിപ്പിലെ മെയിൻ അജണ്ട ഐറ്റം നമ്പർ 11 ലെ യോഗതീരുമാനത്തിൽ തിരുത്തലുകൾ വരുത്തി നൽകുന്നത് സംബന്ധിച്ച്. (No. ISSS/6536/SSUS/2017)

14.07.2023 ൽ കൂടിയ 209-ാമത് സിൻഡിക്കേറ്റ് യോഗത്തിന്റെ നടപടിക്കുറിപ്പിലെ മെയിൻ അജണ്ട ഐറ്റം നമ്പർ 11 ലെ യോഗതീരുമാനത്തിൽ Dr. Sthaneshwar Timalsina, Professor, Regional Studies San Diego State University, USA എന്ന് രേഖപ്പെടുത്തിയത് Dr. Sthaneshwar Timalsina, Professor of Religious Studies in San Diego State University, USA എന്ന് തിരുത്താൻ തീരുമാനിച്ചു.

## Item No. 22

പബ്ലിക് റിലേഷൻസ് വിഭാഗം - സർവകലാശാല വാർഷിക റിപ്പോർട്ട് 2019-2020, 2020-2021. (No. 5995/PRO/SSUS/2023)

വിശദ പരിശോധനയ്ക്കായി മാറ്റിവച്ചു.

## Item No. 23

33-ാമത് ദേശീയ യുവജനോത്സവം-അനുമോദന യോഗത്തിനായി അനുവദിച്ച മുൻകൂർ ക്രമീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് പിഴ പലിശ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിത്തരണമെന്ന് സൂചിപ്പിച്ച് ഡോ. ഉണ്ണികൃഷ്ണൻ. പി (ഡയറക്ടർ, വിദ്യാർത്ഥി സേവന വിഭാഗം) സമർപ്പിച്ച അപേക്ഷയിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്. (No. S.S.C/422/SSUS/2018)

ഗവൺമെന്റ് സെക്രട്ടറിമാരുടെ അഭിപ്രായം ശ്രദ്ധിച്ചു. പ്രസ്തുത വിഷയം ഫിനാൻസ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്കു വിടാൻ തീരുമാനിച്ചു.

## Item No. 24

2022 പി.എച്ച്.ഡി റഗുലേഷനിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച്. (No. Acd.A1/2555/SSUS/2017)

അജണ്ടയിൽ നിന്നും ഒഴിവാക്കി. JRF യോഗ്യത നേടിയവരുടെ പി.എച്ച്.ഡി പ്രവേശനം സംബന്ധിച്ച് നിലവിലുള്ള റെഗുലേഷനിൽ പുന:പരിശോധന വേണോ എന്നത് പഠിക്കുന്നതിനായി പി.എച്ച്.ഡി റെഗുലേഷൻസ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 25

ടൈപ്പ് 1 പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്ക് അധികസമയം അനുവദിക്കുന്ന സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്. [No. 02827/ACDB2/SSUS/2023(1)]

ടൈപ്പ് 1 പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരീക്ഷ സമയത്ത് മണിക്കൂറിന്

20 മിനിറ്റ് വീതം പരിഹാര സമയം അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

## Item No. 26

ശ്രീ. സി.എം. വിഷ്ണു നമ്പൂതിരി എൻഡോവ്മെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതിനും എൻഡോവ്മെന്റ് തുക ഒരു ലക്ഷമാക്കി ഉയർത്തുന്നതും സംബന്ധിച്ച്. (No. Acd.C1/2499/SSUS/2023)

സർവകലാശാലയിൽ എം.ഫിൽ സംസ്കൃതം സാഹിത്യത്തിൽ ഏറ്റവും ഉയർന്ന മാർക്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥിക്ക് നൽകുന്നതിനായി സ്ഥാപിച്ച ശ്രീ. സി.എം. വിഷ്ണു നമ്പൂതിരി എൻഡോവ്മെന്റ് സാഹിത്യ വിഭാഗത്തിൽ ഓരോ വർഷവും സമർപ്പിക്കുന്ന ഏറ്റവും മികച്ച പി.എച്ച്.ഡി പ്രബന്ധത്തിന്റെ കർത്താവിന് നൽകുന്നതിനും എൻഡോവ്മെന്റ് തുക ഒരു ലക്ഷം രൂപയാക്കി ഉയർത്താനുള്ള അപേക്ഷ അംഗീകരിക്കാനും പ്രസ്തുത എൻഡോവ്മെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കാൻ തീരുമാനിച്ചു.

## Item No. 27

സർവകലാശാല ഫിനാൻസ് ഓഫീസറുടെ നിയമനം - സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച്. (No. Ad.D/6321/F.O/SSUS/2023)

സിൻഡിക്കേറ്റിൽ നിന്നും പ്രൊഫ. ഡി. സലിം കുമാർ, അഡ്വ. കെ. പ്രേംകുമാർ എം.എൽ.എ എന്നീ അംഗങ്ങളെയും വിഷയ വിദഗ്ധനായി ഡോ. സുധീർ എം.എസ് (ഫിനാൻസ് ഓഫീസർ, കുസാറ്റ്) നെയും സെലക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 28**

Placement of Deputy Librarian to the Post of Deputy Librarian Academic Level 14 under CAS in the University Library- reg.
(No. Ad.D/5065/CAS-Library/SSUS/2023)

The Syndicate resolved to approve the recommendations of the Selection Committee constituted for the placement of Dr. A. Vijayakumar, Deputy Librarian to the Post of Deputy Librarian Academic Level 14, held on 24.08.2023, and resolved to approve the same w.e.f his date of eligibility i.e 13.11.2019 under Career Advancement Scheme as per UGC Regulations 2018.

**Item No. 29**

നാല് വർഷം ബി.എ പ്രോഗ്രാം ആരംഭിക്കുന്നത് സംബന്ധിച്ച്.
(No. 01757/ACD.B1/SSUS/2023)

നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 19.09.2023 ന് ചേർന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും ഡിപ്പാർട്ട്മെന്റ് കൗൺസിലുകളുടെയും അധ്യാപക സംഘടനകളുടെയും വിദ്യാർത്ഥി സംഘടനകളുടെയും പ്രതികരണങ്ങൾ തേടുന്നതിന് അയച്ചു കൊടുക്കാനും ഈ പ്രതികരണങ്ങൾ 2023 ഒക്ടോബർ 6 നകം രജിസ്ട്രാർക്കു ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകാനും തീരുമാനിച്ചു. ടി സമിതിയുടെ ശിപാർശകളിന്മേൽ ലഭിക്കുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമഗ്രമായി പഠിക്കുന്നതിന് നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട സിൻഡിക്കേറ്റ് മേൽനോട്ട സമിതിയുടെയും അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും യോഗം അഡ്വ. കെ. പ്രേംകുമാർ എം.എൽ.എ -യെ കൂടി പങ്കെടുപ്പിച്ച് 10.10.2023 ന് രാവിലെ 10 മണിയ്ക്ക് വിളിച്ചു ചേർക്കാനും തീരുമാനിച്ചു. പ്രസ്തുത യോഗത്തിന്റെ ശിപാർശകൾ പരിശോധിക്കുന്നതിനും പരിഗണിയ്ക്കുന്നതിനുമായി സിൻഡിക്കേറ്റ് യോഗം അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിയ്ക്ക് വിളിച്ച് ചേർക്കാനും തീരുമാനിച്ചു.

# ADDITIONAL AGENDA

## Item No. 1

ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളിൽ പ്രവേശനത്തിന് എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് തത്തുല്യമായ സംവരണമൊഴികെയുള്ള മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - സിൻഡിക്കേറ്റ് തീരുമാനം പുന:പരിശോധിക്കുന്നത് സംബന്ധിച്ച്. [No. 00678/ACDB2/SSUS/2022(1)]

11.09.2023 ൽ നടന്ന സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയുടെയും 27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് സംവരണമൊഴികെ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് സർവകലാശാല നൽകുന്ന ആനുകൂല്യങ്ങൾക്ക് ഭിന്നശേഷി വിഭാഗക്കാരെയും പരിഗണിക്കാമെന്ന് തീരുമാനിച്ചു.

## Item No. 2

കാലടി മുഖ്യകേന്ദ്രം ഹിന്ദി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അച്യുത് നന്ദ മിശ്രയുടെ ഇന്ദ്രപ്രസ്ഥ കോളേജ് ഫോർ വുമൺ, ന്യൂഡൽഹിയിലെ അസിസ്റ്റന്റ് പ്രൊഫസർ അഡ്ഹോക് സേവന കാലയളവ് 2018 യുജിസി റെഗുലേഷൻ പ്രകാരം CAS പ്ലെയ്സ്മെന്റിന് കണക്കാക്കാമോ എന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. Ad.A3/4234/SSUS/2023)

27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഡോ. അച്യുത് നന്ദ മിശ്രയോട് ടിയാന്റെ മുൻസേവനകാലയളവിലെ നിയമനം യുജിസി റെഗുലേഷൻ 2018 പാർട്ട് III സെക്ഷൻ 4 ക്ലോസ് 10(f), I, II, III യിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നടത്തിയ Adhoc നിയമനമാണ് എന്ന് കൃത്യമായി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കാൻ

തീരുമാനിച്ചു. പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കിയ ശേഷം മാത്രം ടിയാന്റെ മുൻ സേവനകാലം പ്ലെയ്സ്മെന്റിന് കണക്കാക്കാമോ എന്ന വിഷയം പരിശോധിക്കാനും തീരുമാനിച്ചു.

**Item No. 3**

ശ്രീമതി. ഐഷ.എം.എസ് - സസ്പെൻഷൻ കാലയളവിലെ ഉപജീവനബത്തയ്ക്കായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്. [No. 01956/ADA1/SSUS/2023(1)]

27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 56 വയസ്സ് കഴിഞ്ഞും സേവനത്തിൽ തുടർന്നിരുന്ന ശ്രീമതി. ഐഷ എം.എസ്. ന്റെ സസ്പെൻഷൻ കാലയളവിൽ ഉപജീവനബത്ത നൽകേണ്ടതുണ്ടോ എന്നതിലും Disciplinary action സംബന്ധിച്ച് തുടർനടപടികൾ കൈക്കൊള്ളേണ്ടതുണ്ടോ എന്നതിലും സ്റ്റാൻഡിംഗ് കൗൺസിലിന്റെ അഭിപ്രായം നേടുന്നതിന് തീരുമാനിച്ചു.

**Item No. 4**

ഭരതനാട്യം വകുപ്പിലെ വിദ്യാർത്ഥികൾ ബഹു. വിദ്യാഭ്യാസ മന്ത്രിയ്ക്കും UGC-യ്ക്കും സമർപ്പിച്ച പരാതിയിന്മേൽ ഭരതനാട്യം വകുപ്പ് ടീച്ചർ ഇൻ ചാർജ് ശ്രീമതി. സിന്ധു എസ് വിശദീകരണം സമർപ്പിക്കാതിരിക്കുന്നതിനാൽ അച്ചടക്ക നടപടി കൈക്കൊള്ളുന്നത് സംബന്ധിച്ച്. [No. 00528/ADA1/SSUS/2022(1)]

27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഭരതനാട്യം വകുപ്പ് ടീച്ചർ ഇൻ ചാർജ് ശ്രീമതി. സിന്ധു എസ് വിദ്യാർത്ഥിനികളുടെ പരാതിയിൽ വിശദീകരണം സമർപ്പിച്ചിട്ടില്ലാത്തതിനാൽ,

ശ്രീമതി സിന്ധു. എസ് ന് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുന്നതിന് തീരുമാനിച്ചു.

## Item No. 5

ഭിന്നശേഷിക്കാർക്ക് പ്രൊമോഷനിൽ സംവരണം - സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്. [No.00483/AD.A1/ SSUS/ 2022(1)]

27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സ്ഥാനക്കയറ്റത്തിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും വ്യവസ്ഥകളും സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത വരുത്തുന്നതിന് തീരുമാനിച്ചു.

## Item No. 6

ശ്രീ. ബൈജു പി.വി ക്ക് 13.10.2022 AN പ്രാബല്യത്തിൽ സോഷ്യൽ വർക്ക് വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിന്നും രാജി വെക്കുന്നതിനു അനുമതി നൽകിയതും 14.10.2022 പ്രാബല്യത്തിൽ ടി വേക്കൻസി റോസ്റ്റർ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും അനുമതി നൽകിയ ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നതിനും ടിയാന്റെ ലീവ് വേക്കൻസിയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമിതയായ ഡോ. ഷീലാമ്മ ആർ ടിയാന്റെ രാജിക്ക് ശേഷവും സേവനത്തിൽ തുടരുന്നതും സാധൂകരിക്കുന്നതിനും ടിയാന്റെ സേവനകാലയളവ് വീണ്ടും നീട്ടി നൽകേണ്ടതുണ്ടോ എന്നും അപ്രകാരം സേവനകാലയളവ് ദീർഘിപ്പിച്ച് നൽകുകയാണെങ്കിൽ ടിയാന്റെ സേവന വേതന വ്യവസ്ഥകളും നിയമന കാലയളവും തീരുമാനിക്കുന്നതും സംബന്ധിച്ച്. (No. 01667/ADA3/SSUS/2023(1)

27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

I. സോഷ്യൽ വർക്ക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ ബൈജു പി.വി വിടുതൽ ചെയ്ത ഒഴിവ് 14.10.2022 പ്രാബല്യത്തിൽ റോസ്റ്റർ രജിസ്റ്ററിൽ ചേർക്കുന്നതിന് അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുക.

II. ശ്രീ. ബൈജു പി.വി. യുടെ ലീവ് വേക്കൻസിയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സ്കെയിൽ ഓഫ് പേ യിൽ സേവനം ചെയ്തിരുന്ന ഡോ. ഷീലാമ്മ ആർ ന്റെ സേവനവും വേതനവും 14.10.2022 മുതൽ ഗസ്റ്റ് ലക്ചറർ എന്ന നിലയിൽ ക്രമീകരിക്കുക.

## Item No. 7

സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം സർവകലാശാല അനദ്ധ്യാപക ജീവനക്കാരുടെ പൊതു സ്ഥലം മാറ്റ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്. (No. Ad.B/1449/SSUS/2023)

27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാല അനദ്ധ്യാപക ജീവനക്കാരുടെ പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങളിൽ Sanskrit University Employees Union സമർപ്പിച്ച നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു.

## Item No. 8

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി അതാവുള്ളഖാൻ - ന്റെ ഹിയറിംഗ് നടപടിക്രമം സ്റ്റാഫ് ആന്റ് ലീഗൽ സ്ഥിരം

സമിതി മുഖേന സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. Ad.A3/17291/SSUS/2022)

പ്രസ്തുത വിഷയത്തിൽ Enquiry report ഉം പരാതിക്കാരിയായ ഡോ. കമറുന്നീസ കെ.യുടെ മൊഴിയും, സംഗീത കെ., പുഷ്പദാസൻ കുനിയിൽ എന്നിവരുടെ മൊഴികളും 27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതി പരിശോധിച്ച് നൽകിയ ശിപാർശ പരിഗണിച്ച് അന്വേഷണ നടപടികളുടെ തുടർ നടപടിയുടെ ഭാഗമായി പരാതിക്കാരെയും സാക്ഷികളെയും cross examine ചെയ്യുന്നതിന് ഡോ. കെ.സി. അതാവുള്ളഖാന് അവസരം നൽകുന്നതിന് അന്വേഷണ കമ്മിറ്റിയോട് നിർദ്ദേശിക്കാനും അതിനുശേഷം പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അന്വേഷണ കമ്മിറ്റിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 9

ഹിന്ദി വിഭാഗത്തിൽ CAS മുഖേന ഡോ. സുനിത ഗോപാലകൃഷ്ണന് പ്രൊഫസർ തസ്തികയിലേക്ക് നൽകിയ സ്ഥാനക്കയറ്റം - സാധൂകരണം സംബന്ധിച്ച്.
(No. Ad.D/6802/ SSUS/2023)

27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഡോ. സുനിത ഗോപാലകൃഷ്ണന് 01.01.2017 തീയതിയിൽ പ്രൊഫസർ തസ്തികയിലേക്ക് 02.05.2018 ലെ Ad.D/12007/CAS-Hindi/ SSUS/2015 നമ്പർ ഉത്തരവ് പ്രകാരം പ്ലെയ്സ്മെന്റ് നൽകിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 10

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ ആയുർവേദ വകുപ്പ് അഡ്ജൻക്ട് ഫാക്കൽറ്റി റിട്ട. അസോസിയേറ്റ് പ്രൊഫസർ ഡോ. ജേക്കബ് തോമസ് പുതുപ്പള്ളിൽ -ന

പുന:നിയമനം നൽകണമെന്ന അപേക്ഷ പരിഗണിക്കണമോ എന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്. [No.02852/ADA2/SSUS/2023(1)]

27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ആയുർവേദ വിഭാഗത്തിലെ അഡ്ജൻക്റ്റ് ഫാക്കൽറ്റി ഡോ. ജേക്കബ് തോമസ് പുതുപ്പള്ളിൽ -ന 03.09.2023 മുതൽ ഒരു വർഷത്തേക്ക് കൂടി പുന:നിയമനം നൽകാൻ തീരുമാനിച്ചു.

**Item No. 11**

ക്രമീകരിക്കാത്ത മുൻകൂറുകളും അതുമായി ബന്ധപ്പെട്ട പിഴ പലിശ തുകയും ഈടാക്കണമെന്ന ഉത്തരവ് റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 07.02.2023 തീയതി രേഖപ്പെടുത്തി ഡോ. ധർമ്മരാജൻ പി.കെ സമർപ്പിച്ച അപേക്ഷ – തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്. (No. SSC2/16110/SSUS/18)

യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. ജോബിൻസ് മോൻ ഐസക് ബില്ലുകളോടും വൗച്ചറുകളോടും ഒപ്പം സമർപ്പിച്ച അപേക്ഷ സർവ്വകലാശാലയിൽ ലഭിച്ചിട്ടുള്ളതായി തപാൽ രജിസ്റ്ററിൽ നിന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ 29.09.2023 ൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതി നൽകിയ ശിപാർശ പരിഗണിച്ച് പ്രസ്തുത വിഷയം അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്തുവാൻ 15 ദിവസത്തെ സമയം അനുവദിക്കുവാനും ഫയലുകൾ കണ്ടെത്തുവാൻ സാധിക്കുന്നില്ലായെങ്കിൽ, സർവ്വകലാശാല ബാധ്യതയായി കണക്കാക്കിയ തുക ഡോ. പി.കെ. ധർമ്മരാജന് അനുവദിക്കുവാനും തീരുമാനിച്ചു.

## Item No. 12

സർവകലാശാല എഞ്ചിനീയറുടെ ഫുൾ അഡീഷണൽ ചാർജ്ജ് വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ബെറ്റി വർഗ്ഗീസിന് ചാർജ്ജ് അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച്. [No. 00906/ADC1/SSUS/2023(2)]

29.09.2023 ൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 18-02-2022 ലെ G.O(P) No. 21/2022/Fin. നം. പേ റിവിഷൻ ഓർഡറിലേയും KSR ഭാഗം 1 ലെയും പ്രസക്ത വകുപ്പുകൾ പ്രകാരം സർവകലാശാല എഞ്ചിനീയറുടെ ഫുൾ അഡീഷണൽ ചാർജ്ജ് വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ബെറ്റി വർഗ്ഗീസിന് 3 മാസത്തേയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചു.

## Item No. 13

അധിക ചുമതല നിർവ്വഹിക്കുന്ന പാർട്ട് ടൈം സ്വീപ്പർ ജീവനക്കാർക്ക് നൽകി വരുന്ന അധിക വേതനം പരിഷ്കരിക്കുന്നത് സംബന്ധിച്ച്. (No. Ad.B/1719/SSUS/2021)

29.09.2023 ൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് അധിക ചുമതല നിർവ്വഹിക്കുന്ന പാർട്ട് ടൈം സ്വീപ്പർ ജീവനക്കാർക്ക് സിൻഡിക്കേറ്റ് തീരുമാനം എടുക്കുന്ന തീയതി മുതൽ പ്രതിദിന വേതനം 100/- രൂപ വർദ്ധിപ്പിച്ച് പ്രതിമാസം 5000/- രൂപയിൽ നിജപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 14**

ഐടി വിഭാഗം സീനിയർ പ്രോഗ്രാമർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന സുനിൽ എം. വേതനവർദ്ധനവിനായി സമർപ്പിച്ച അപേക്ഷ തീരുമാനത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 01062/ Ad.C1/SSUS/2023(1)

29.09.2023 ൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഐടി വിഭാഗം സീനിയർ പ്രോഗ്രാമർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന സുനിൽ എം.-ന് സിൻഡിക്കേറ്റ് തീരുമാനം എടുക്കുന്ന തീയതി മുതൽ പ്രതിമാസ വേതനം 41,000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**Item No. 15**

ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാറടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന ഉല്ലാസ് എം.എൻ വേതനവർദ്ധനവിനായി സമർപ്പിച്ച അപേക്ഷ തീരുമാനത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. 01411/ Ad.C1/SSUS/2023(1)]

29.09.2023 ൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാറടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന ഉല്ലാസ് എം.എൻ-ന് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാറടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന ഉല്ലാസ് എം.എൻ-ന്റെ പ്രതിമാസ വേതനം സിൻഡിക്കേറ്റ് തീരുമാനം എടുക്കുന്ന തീയതി മുതൽ 24,000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

## Item No. 16

Centre for Comparative Literature ന് ഡിപ്പാർട്ട്മെന്റൽ സ്റ്റാറ്റസ് നൽകുന്നത് - സംബന്ധിച്ച്. [No. 00969/ACDB1/SSUS/2023(1)]

മറ്റു വകുപ്പുകളുമായി ചേർന്ന് വിശാലമായ ഒരു സെന്ററാക്കി നിലവിലുള്ള Centre for Comparative Literature -നെ മാറ്റുന്ന കാര്യം പഠിക്കാനായി അക്കാദമിക് & റിസർച്ച്, ഫിനാൻസ് സ്ഥിരം സമിതികളെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 17

UGC, NSS, ICPR, Higher Education Council റിസർച്ച് പ്രൊജക്ട് ഗ്രാന്റിന്റെ കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഓഡിറ്റിംഗും സർട്ടിഫിക്കേഷനും ചെയ്താൽ മതിയെന്നുള്ള 05.10.2018 ലെ പി.എൽ.ഡി/എ/5665/ എസ്.എസ്.യു.എസ്./2011 നമ്പർ ഉത്തരവ് പിൻവലിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച്. [No.Acd.A2/5665/SSUS/2018]

02.08.2023 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 29.09.2023 ൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് സർവകലാശാല അക്കൗണ്ട് വഴി ലഭ്യമാവുന്നതും സർക്കാർ/ സർക്കാർ അനുബന്ധ ഏജൻസികളുടെ പൊതുനിധിയിൽ നിന്നുള്ള ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതുമായ പ്രൊജക്റ്റുകളുടെ വരവ് ചിലവ് കണക്കുകൾ പുറമെ നിന്നുള്ള ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഓഡിറ്റിംഗ് മാത്രമായി പരിമിതപ്പെടുത്തുന്നത് നിയമവിരുദ്ധവും യുജിസി മാനദണ്ഡങ്ങൾ മാനിക്കാതെയുള്ള നടപടിയാണെന്നും, അതിനാൽ അത്തരത്തിലുള്ള ഓഡിറ്റ് അംഗീകരിക്കില്ലെന്നുമുള്ള KSAD യുടെ ഓഡിറ്റ് തടസ്സവാദം അംഗീകരിച്ച് തിരുത്തൽ നടപടിയെടുക്കാൻ യൂണിവേഴ്സിറ്റി ബാദ്ധ്യസ്ഥമായതിനാൽ ഇന്റേണൽ ഓഡിറ്റിന്റെ കൂടി പരിശോധനയ്ക്ക് വിധേയമാക്കാൻ തീരുമാനിച്ചു.

**Item No. 18**

പി.എച്ച്.ഡി രജിസ്ട്രേഷൻ വർഷം നോക്കി ഓരോ ഗവേഷകർക്കും വ്യത്യസ്ത ഫീസ് കണക്കാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നത് സംബന്ധിച്ച്. (No. Acd.A1/6023/SSUS/2010)

29.09.2023 ൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഗവേഷണം ദീർഘിപ്പിക്കുമ്പോൾ ഫീസ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ അക്കാദമിക് 'എ' സെക്ഷനെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 19**

ചോദ്യക്കടലാസ് പ്രിന്റർക്ക് പ്രതിഫലം നൽകുന്നത് - സംബന്ധിച്ച്. (No. E.A./21/SSUS/2020)

19.09.2023 ൽ നടന്ന പരീക്ഷാ സ്ഥിരം സമിതിയുടെയും 29.09.2023 ൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് പ്രിന്റർക്ക് നൽകേണ്ട തുകയായ 5,70,435/- രൂപയിൽ നിന്നും 3800/- രൂപ പുനപരീക്ഷ നടത്തിയതിന്റെയും 1200/- രൂപ അധ്വാനത്തിലെ മൂല്യം കണക്കിലെടുത്തതും കൂടി ഉൾപ്പെടുത്തി ആകെ 5000/- രൂപ കുറയ്ക്കുവാൻ തീരുമാനിച്ചു.

**Item No. 20**

സർവകലാശാലയിലെ ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള വിവിധ സാമഗ്രികൾക്കായി AMC കരാറിൽ ഏർപ്പെട്ട തിരുവനന്തപുരത്തുള്ള M/s. Fi Tech Power Solutions Pvt. Ltd, സമർപ്പിച്ച, ആദ്യ വർഷത്തേക്ക് ₹5,98,260/- യും രണ്ടാം വർഷത്തേക്ക് ₹6,28,173/- യും മൂന്നാം വർഷത്തേക്ക് ₹6,58,086/- യും എ.എം.സി തുകയായി ഉൾപ്പെടുത്തിയ പ്രൊപ്പോസലിന് സിൻഡിക്കേറ്റിന്റെ അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ച്. (No. Est3/4184/SSUS/2022)

29.09.2023 ൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ടെൻഡർ നടപടികൾ പൂർത്തിയായ സാഹചര്യത്തിൽ സർവ്വകലാശാല നിയമങ്ങൾക്ക് വിധേയമായി 06-07-2023 ൽ ചേർന്ന സർവകലാശാലയിലെ ഐ.ടി പ്രവർത്തനങ്ങൾക്ക് സാങ്കേതിക ഉപദേശം നൽകുന്നതിനുള്ള ടെക്നിക്കൽ കമ്മിറ്റി യോഗത്തിന്റെ 2-ാം നമ്പർ ശിപാർശ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 21

ഏഴംകോണിൽ സർവകലാശാലയുടെ ഒരു പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച്.[No. 02739/ACDB1/SSUS/2023(1)]

27.09.2023 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും 29.09.2023 ൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് ഏഴംകോണിൽ സർവകലാശാലയുടെ ഒരു പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നത് പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

## Item No. 22

2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കിയത് സംബന്ധിച്ച്. (No. 15088/Fin&Accounts/A.A 2022-23/SSUS/2022)

അജണ്ട പിൻവലിച്ചു.

## Item No. 23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ഓഡിറ്റ് റിപ്പോർട്ട് 2019-20- സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. I.A/360/K.S.A.D/SSUS/2023)

പ്രസ്തുത റിപ്പോർട്ട് വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 24**

സംസ്കൃത പ്രചാരണ വിഭാഗം - ശാസ്ത്ര സംവർദ്ധിനി കേന്ദ്രത്തിന്റെ കോർ കമ്മറ്റിയോഗ തീരുമാനം സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. STR/13757SSUS/2016)

പ്രൊഫ. കെ.കെ. കൃഷ്ണകുമാറിന് 50,000/- രൂപ ഓണറേറിയം അനുവദിക്കാൻ തീരുമാനിച്ചു. ഡോ. വി. രാമകൃഷ്ണ ഭട്ടിന്റെ ഓണറേറിയത്തിന്റെ തീരുമാനം നീട്ടിവച്ചു.

**Item No. 25**

Publication of the Book 'Haindava Dharma Sudakaram' – Schedule of delivery and payment – request from M/s Ethos Books and Publications – reg. (LGLS/4956/2009/SSUS)

ഹൈന്ദവ ധർമ്മ സുധാകരത്തിന്റെ അഞ്ചാമത്തെ വോള്യം 1001 കോപ്പികൾ സർവകലാശാലയിൽ ലഭിച്ചതിനാൽ M/s Ethos Books and Publications ന് സർവകലാശാല ബാക്കി നൽകാനുള്ള 7,59,125/- രൂപ (ഏഴ് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) താഴെ പറയും പ്രകാരം തുല്യ ഗഡുക്കളായി അനുവദിക്കാൻ തീരുമാനിച്ചു.

1. വോള്യം 6 ലെ പുസ്തകങ്ങൾ ലഭിച്ചതിനു ശേഷം ആദ്യ ഗഡു
2. വോള്യം 7 & 8 ലെ പുസ്തകങ്ങൾ ലഭിച്ചതിനു ശേഷം രണ്ടാമത്തെ ഗഡു
3. വോള്യം 9 & 10 ലെ പുസ്തകങ്ങൾ ലഭിച്ചതിനു ശേഷം മൂന്നാമത്തെ ഗഡു
4. Final Settlement ഘട്ടത്തിൽ അവസാനത്തെ ഗഡു

## Item No. 26

2022-23 ലെ യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവത്തിന്റെ നടത്തിപ്പിന് ചെലവായ അധിക തുക തിരികെ ലഭിക്കണമെന്ന അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്. (No. SSC/3742/SSUS/2022-23)

2,00,000/- രൂപ അനുവദിക്കാൻ തീരുമാനിച്ചു.

## Item No. 27

കാലടി മുഖ്യകേന്ദ്രത്തിൽ ആരംഭിച്ച PG Diploma in Sanskrit Computational Linguistics എന്ന പ്രൊജക്ട് മോഡ് പ്രോഗ്രാമിന്റെ കോ-ഓർഡിനേറ്റർ ചുമതല വഹിക്കുന്നതിനാൽ സംസ്കൃതം ജനറൽ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ ജോലിഭാരത്തിൽ 12 മണിക്കൂർ ഇളവ് അനുവദിയ്ക്കണമെന്ന ഡോ. ശിവജ എസ് നായരുടെ അപേക്ഷ സംബന്ധിച്ച്. [No. 02676/ADA2/SSUS/2023(1)]

കാലടി മുഖ്യകേന്ദ്രത്തിൽ ആരംഭിച്ച PG Diploma in Sanskrit Computational Linguistics എന്ന പ്രൊജക്ട് മോഡ് പ്രോഗ്രാമിന്റെ കോ-ഓർഡിനേറ്റർ ചുമതല വഹിക്കുന്നതിനാൽ ഡോ. ശിവജ എസ് നായരുടെ അപേക്ഷ പരിഗണിച്ച് സംസ്കൃതം ജനറൽ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ ജോലിഭാരത്തിൽ 12 മണിക്കൂർ ഇളവ് അനുവദിക്കാൻ തീരുമാനിച്ചു.

# OUT OF AGENDA

## Item No. 1

സ്റ്റാഫ് & ലീഗൽ, വർക്സ് & പർച്ചേസ്, സ്റ്റുഡന്റ് വെൽഫയർ എന്നീ സ്ഥിരം സമിതികളിൽ ഡോ. എം.മണിമോഹനൻ -നെയും ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ്, അക്കാദമിക് & റിസർച്ച്, എക്സാമിനേഷൻ എന്നീ സ്ഥിരം സമിതികളിൽ ഡോ. ടോമി ജോസഫ് -നെയും ഉൾപ്പെടുത്തി സിൻഡിക്കേറ്റ് ഉപസമിതികൾ പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചു.

## Item No. 2

സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ നിർമ്മാണ കോൺട്രാക്ടർക്ക് നൽകിയ ചെക്ക് നിലവിലെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. ധനകാര്യ മന്ത്രിക്ക് കത്തെഴുതാൻ തീരുമാനിച്ചു. പ്രസ്തുത കത്തിന്റെ കോപ്പി ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രിക്ക് നൽകാൻ തീരുമാനിച്ചു.

യോഗം 3.00 pm ന് അവസാനിച്ചു.

| | |
|---|---|
| **ഒപ്പ്/-** | **ഒപ്പ്/-** |
| **രജിസ്ട്രാർ** | **വൈസ് ചാൻസലർ** |